**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5277** **05-07-2024 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കർഷകക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളയാണി ലാബിൽ "സേഫ് ടു ഈറ്റ് '' എന്ന പദ്ധതി ഘടകം നടപ്പിലാക്കി വരുന്നു. കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/ പഴവർഗ്ഗങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ (PRRAL) നടത്തി വരുന്നു. 2023 വർഷം മുതൽ ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥർ, നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം , പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശവും പ്രസ്തുത ലാബിൽ തിട്ടപ്പെടുത്തുകയും പച്ചക്കറികളിലെ അവശിഷ്ട വിഷാംശം സംബന്ധിച്ച റിപ്പോർട്ട് തൊട്ടടുത്ത മാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവഴി കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതു ജനങ്ങളുടെ ഇടയിൽ അവബോധം-സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായകമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകുകയും അന്യ സംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കുന്നതിനും സഹായിക്കുന്നു. |

| | | | |
|---|---|---|---|
| | | | കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ നാല് അവശിഷ്ട വിഷ പരിശോധനാശാലകൾ പ്രവർത്തിച്ചു വരുന്നു. ഒരു വർഷം ഏകദേശം 3000 ഓളം സാമ്പിളുകൾ ഇവയിലൂടെ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ